# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/8/2018 2018 ജനുവരി 9

## പത്രക്കുറിപ്പ്

### എം.ജി.യിൽ ഗസ്റ്റ് അദ്ധ്യാപക നിയമനം

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ വിവിധ പഠനവകുപ്പുകളിൽ ഗസ്റ്റ് ഫാക്കൽട്ടി (ഇന്റേണൽ) നിയമനത്തിന് വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തും. കോൺട്രാക്ട് അടിസ്ഥാനത്തിൽ ഒരു വർഷത്തേക്കായിരിക്കും നിയമനം. സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ്, സ്കൂൾ ഓഫ് ബയോസയൻസസ്, സ്കൂൾ ഓഫ് കെമിക്കൽ സയൻസസ്, സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ് എന്നീ വകുപ്പുകളിലേക്കുള്ള ഇന്റർവ്യൂ ജനുവരി 17നും, സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ്, സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട്, സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ്, സ്കൂൾ ഓഫ് ലെറ്റേഴ്സ് എന്നീ വകുപ്പുകളിൽ ജനുവരി 18നും സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസ്, സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സ്, സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ്, എന്നീ വകുപ്പുകളിൽ ജനുവരി 19നും വാക്ക് - ഇൻ - ഇന്റർവ്യൂ നടത്തും. യോഗ്യത, പ്രായം, ഇന്റർവ്യൂ സമയം തുടങ്ങിയ വിശദവിവരങ്ങൾ www.mgu.ac.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

### പരീക്ഷ മാറ്റി

ഇന്ന് (ജനുവരി 10) നടത്താൻ നിശ്ചയിച്ചിരുന്ന ഒന്നാം സെമസ്റ്റർ ബി.പി.ഇ.എസ്. (നാല് വർഷ ഇന്റഗ്രേറ്റഡ് പ്രോഗ്രാം 2017 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷ മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്.

### പരീക്ഷാഫലം

2017 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. ക്ലിനിക്കൽ ന്യൂട്രീഷ്യൻ ആന്റ് ഡയറ്ററ്റിക്സ് (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 22 വരെ അപേക്ഷിക്കാം.

### ജിയോ-ഇൻഫർമേഷൻ സയൻസ് ആന്റ് ടെക്നോളജി ഹ്രസ്വകാല കോഴ്സ്

എം.ജി. സർവ്വകലാശാലയുടെ സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിൽ നാഷണൽ നാച്വറൽ റിസോഴ്സസ് മാനേജ്മെന്റ് സിസ്റ്റം പ്രോഗ്രാമിൽ ഐ.എസ്.ആർ.ഒ.യുടെ സഹായത്തോടെ പ്രവർത്തിക്കുന്ന ഡോ. ആർ. സതീഷ് സെന്റർ ഫോർ റിമോട്ട് സെൻസിംഗ് ആന്റ് ജി.ഐ.എസിൽ നടത്തുന്ന ഹ്രസ്വകാല ജിയൊ-ഇൻഫർമേഷൻ സയൻസ് ആന്റ് ടെക്നോളജി കോഴ്സിലേക്ക് ഫെബ്രുവരി 9 വരെ അപേക്ഷിക്കാം. 20 ആഴ്ച ദൈർഘ്യമുള്ള ഈ ഫുൾടൈം കോഴ്സിന് അംഗീകൃത ബിരുദമോ, ബിരുദാനന്തര ബിരുദമോ ഉള്ളവർക്ക് അപേക്ഷിക്കാം. ഭൗമവിവരശാസ്ത്രത്തിലും സാങ്കേതിക വിദ്യയിലും സാറ്റലൈറ്റ് റിമോട്ട് സെൻസിങ്ങ്, ഏരിയൽ ഫോട്ടോഗ്രാഫി, ഡിജിറ്റൽ ഇമേജ് പ്രോസസിങ്ങ്, ഫോട്ടോഗ്രാമെട്രി, മാപ്പിങ്ങ്, സർവ്വേയിങ്ങ്, ജി.പി.എസ്., കമ്പ്യൂട്ടർ അധിഷ്ഠിത ജി.ഐ.എസ്. മുതലായ അതിനൂതന സാങ്കേതികവിദ്യകളുടെ സമന്വയത്തിലൂടെ വിവരങ്ങളുടെ ശേഖരണവും, വിശകലനവും സാധ്യമാക്കി വിവിധ ശാസ്ത്ര-സാങ്കേതിക ആസൂത്രണ ജോലികൾക്ക് സന്നദ്ധമാക്കുക എന്നതാണ് ഈ കോഴ്സിന്റെ ലക്ഷ്യം.

അപേക്ഷാഫോറവും വിശദവിവരങ്ങളടങ്ങിയ ബ്രോഷറും, www.sesmgu.net എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. വിലാസം: കോ-ഓർഡിനേറ്റർ, ഡോ. ആർ. സതീഷ് സെന്റർ ഫോർ റിമോട്ട് സെൻസിംഗ് ആന്റ് ജി.ഐ.എസ്, സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസ്, മഹാത്മാഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686560. ഫോൺ: 9446767451. ഇമെയിൽ: rsgismgu@gmail.com.

**എം.ജി. ജൈവ നെൽകൃഷി വിത ഉദ്ഘാടനം ഇന്ന് (ജനുവരി 10)**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ അന്തർസർവ്വകലാശാലാ ജൈവ സുസ്ഥിര കൃഷിപഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ വൈക്കം ഉദയനാപുരം പഞ്ചായത്തിലെ വല്ലകം പാടത്ത് ജൈവകൃഷി വിത ജനുവരി 10ന് (ബുധൻ) രാവിലെ 11 മണിക്ക് വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യും. തനത് നാടൻ നെൽവിത്തിനങ്ങളായ രക്തശാലി, ഞവര, കുഞ്ഞൂഞ്ഞ് എന്നീ ഇനങ്ങളാണ് കൃഷി ചെയ്യുക. ജൈവം പദ്ധതിയുടെ തുടർച്ചയായി 2018 ഏപ്രിൽ മാസത്തിൽ സംഘടിപ്പിക്കുന്ന ത്രിദിന പ്രകൃതി ആഗോള ജൈവ സംഗമത്തിൽ സംബന്ധിക്കുന്ന ആയിരത്തിൽപ്പരംപേർക്കുള്ള ഭക്ഷണം തയ്യാറാക്കുന്നതിനുള്ള നെല്ല് ഉൽപ്പാദിപ്പിക്കുകയാണ് ലക്ഷ്യം. സംഗമത്തിലേക്കാവശ്യമായ പഴം, പച്ചക്കറികളും ജൈവരീതിയിൽത്തന്നെ സർവ്വകലാശാലാ കാമ്പസിലെ ജൈവ ഫാമിൽ ഉൽപ്പാദിപ്പിക്കും. ജൈവം സംഘാടകസമിതി ചെയർമാനും സിൻഡിക്കേറ്റംഗവുമായ അഡ്വ. പി.കെ. ഹരികുമാർ അദ്ധ്യക്ഷത വഹിക്കുന്ന യോഗത്തിൽ ഉദയനാപുരം പഞ്ചായത്ത് പ്രസിഡന്റ് പി.എസ്. മോഹനൻ, സർവ്വകലാശാലാ രജിസ്ട്രാർ എം.ആർ. ഉണ്ണി, പഞ്ചായത്ത് മുൻ പ്രസിഡന്റ് സാബു പി. മണലൊടി, പഞ്ചായത്ത് സെക്രട്ടറി അബ്ദുൾ ജാവേദ്, കേരള ജൈവ കർഷകസമിതി സംസ്ഥാന സെക്രട്ടറി ജോർജ് മുല്ലക്കര, ഷാജി തുടങ്ങിയവർ സംസാരിക്കും.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**